# File No.FWLD-D2/150/2019-FWLD

## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2645 — 17.06.2019 ൽ മറുപടിയ്ക്ക്

**കുറിഞ്ഞിമല സങ്കേതം**

| ചോദ്യം<br>ശ്രീ.എൽദോസ് പി കുന്നപ്പിള്ളിൽ | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|---|
| (എ) | കുറിഞ്ഞിമല സങ്കേതം ഉൾപ്പെട്ട വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കയ്യേറ്റം പരിശോധിക്കുവാൻ ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ; | (എ) - (ഡി) 12.12.2007 ലെ സ.ഉ. (കൈ.) 74/2007/വനം നം ഉത്തരവ് പ്രകാരം ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കി അവകാശവാദങ്ങളിൽ തീർപ്പ് കൽപ്പിച്ചാൽ മാത്രമേ ഭൂമി കയ്യേറിയിട്ടുണ്ടോ എന്ന് കണ്ടെത്തുവാനും കൂടാതെ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും സാധിക്കുകയുള്ളു. എന്നാൽ, കുറിഞ്ഞിമല വന്യജീവി സങ്കേതത്തിന്റെ പരിപാലനത്തിനായി നിലവിലുള്ള വന സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നുമുണ്ട്. |
| (ബി) | പ്രസ്തുത സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | |
| (സി) | കുറിഞ്ഞിമലയിൽ 3200 ഹെക്ടർ പ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുവാനുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | |
| (ഡി) | ഈ പ്രദേശത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ.